# കേരള വനം വകുപ്പ്

## കോട്ടയം വനം ഡിവിഷൻ

ഫോൺ – 0481 2562276
ഇ-മെയിൽ (O): dfo-ktym.for@kerala.gov.in

## ലേല പരസ്യം

എ4-5309/2024 തീയതി : 21.11.2024

2025 വർഷത്തിൽ, കോട്ടയം വനം ഡിവിഷനിൽപ്പെട്ട എരുമേലി, അയ്യപ്പൻ കോവിൽ, നഗരംപാറ, കുമളി എന്നീ റെയിഞ്ചുകളിൽ സൂക്ഷിച്ചിട്ടുള്ള വിൽപന യോഗ്യമായ വിവിധ ഫോറസ്റ്റ് കേസ്സുകളിൽപ്പെട്ട തൊണ്ടിത്തടികൾ, വിറക്, മറ്റിനം വനവിഭവങ്ങൾ, കൂടാതെ അപകടാവസ്ഥ ഒഴിവാക്കുന്നതിനായി മുറിച്ച് ശേഖരിക്കുന്ന തടി, വിറകുകൾ തുടങ്ങിയവ അതാത് റെയിഞ്ച് ഫോറസ്റ്റ് ഓഫീസുകളിൽവച്ച് താഴെ പട്ടികയിൽ കാണിച്ചിട്ടുള്ള തീയതികളിൽ പകൽ 11 മണിക്ക് കോട്ടയം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറോ, അദ്ദേഹം അധികാരപ്പെടുത്തുന്ന മറ്റ് ഉദ്യോഗസ്ഥനോ, പരസ്യമായി ലേലം ചെയ്തു വിൽക്കുന്നതാണ്. നിർദ്ദിഷ്ട ദിവസം എതെങ്കിലും കാരണവശാൽ പൊതു അവധിയായി പ്രഖ്യാപിക്കുന്ന പക്ഷം അടുത്ത പ്രവൃത്തി ദിവസം നിശ്ചിത സമയത്തും സ്ഥലത്തും വെച്ച് ലേലം നടത്തുന്നതായിരിക്കും. ലേല ദിവസം ലേലത്തിൽ വയ്ക്കാൻ യോഗ്യമായ വേറെയും തൊണ്ടിത്തടികൾ ലഭ്യമായാൽ അവയും ലേല ദിവസങ്ങളിൽ ലേലം ചെയ്ത് വിൽക്കുന്നതാണ്.

ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ലേലത്തിന് മുമ്പായി ലേലത്തിൽ വെച്ചിട്ടുള്ള തൊണ്ടിവഹകളുടെ ഗുണനിലവാരവും അളവുകളും മറ്റു വിശദ വിവരങ്ങളും നേരിൽ കണ്ട് ബോധ്യപ്പെടേണ്ടതാണ്. ലേലത്തിന് ശേഷം ഈ വക കാര്യങ്ങളെക്കുറിച്ചുള്ള യാതൊരു പരാതിയും പരിഗണിക്കുന്നതല്ല. ഓരോ ലേലത്തിലും വിൽക്കാനുദ്ദേശിക്കുന്ന തടികൾ മറ്റ് വനവിഭങ്ങൾ മുതലായവയെപ്പറ്റിയുള്ള വിശദവിവരങ്ങൾ അതാത് റെയിഞ്ച് ഫോറസ്റ്റ് ഓഫീസിൽ നിന്നും ലേലത്തിന് മുൻപ് അറിയാവുന്നതാണ്. മുൻ ലേലത്തിൽ സ്ഥിരപ്പെടുത്താത്ത ഏതെങ്കിലും ലോട്ടുകൾ ഉണ്ടെങ്കിൽ അവയും ലേലത്തിൽ ഉൾപ്പെടുത്തുന്നതാണ്.

ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സംരക്ഷണം) ത്തിന്റെ 02.12.2009-ലെ പ്രൊ.5-6835/09-ാം നമ്പരായിട്ടുള്ള 50-ാം നമ്പർ കേരള ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള ലേല നിബന്ധനകളും, കാലാകാലങ്ങളിൽ വനം വകുപ്പിൽ നിലവിലുള്ള മറ്റ്

വ്യവസ്ഥകളും ഈ ലേലത്തിന് ബാധകമായിരിക്കും. കോടതി ഉത്തരവ് പ്രകാരം വിൽപ്പനയ്ക്ക് വെച്ചിട്ടുള്ള തൊണ്ടി തടികളുടെ മുഴുവൻ തുകയും വിജയിയായ ലേല ക്കാരൻ ലേല ദിവസം തന്നെ കെട്ടിവെയ്ക്കേണ്ടതാണ്. ലേലത്തിൽ പങ്കെടുക്കുന്നവർ ലേലത്തിന് മുൻപായി ഈട്ടി, തേക്ക് എന്നിവയ്ക്ക് 20000/-(ഇരുപതിനായിരം രൂപ) രൂപയും മറ്റു തടികൾക്ക് 10000/- (പതിനായിരം രൂപ) രൂപയും മറ്റു വനവിഭങ്ങൾക്ക് 2000/- (രണ്ടായിരം രൂപ) രൂപയും നിരതദ്രവ്യമായി കെട്ടിവെയ്ക്കേണ്ടതാണ്. റെയിഞ്ച് ഫോറസ്റ്റ് ഓഫീസിന്റെ പേരും ലേല തീയതികളും താഴെ പട്ടികയിൽ ചേർക്കുന്നു.

**തൊണ്ടി ലേല തീയതികൾ 2025**

| Range | Jan | Feb | Mar | April | May | June | July | Aug | Sep | Oct | Nov | Dec |
|---|---|---|---|---|---|---|---|---|---|---|---|---|
| Erumely | 21 | 11 | 4 | 3 | 6 | 4 | 2 | 6 | 9 | 7 | 4 | 4 |
| Kumily | 23 | 13 | 6 | 8 | 8 | 10 | 8 | 12 | 11 | 9 | 11 | 9 |
| Ayyappancoil | 24 | 18 | 11 | 10 | 13 | 12 | 10 | 19 | 17 | 14 | 18 | 11 |
| Nagarampara | 28 | 20 | 13 | 22 | 15 | 17 | 16 | 21 | 23 | 16 | 25 | 16 |

കൂടുതൽ വിവരങ്ങൾ ഈ ഓഫീസിൽ നിന്നോ ബന്ധപ്പെട്ട റെയിഞ്ച് ഫോറസ്റ്റ് ഓഫീസുകളിൽ നിന്നോ അറിയാവുന്നതാണ്.

ഫോൺ നമ്പരുകൾ

1. ഡിവിഷണൽ ഫോറസ്റ്റ് ഓഫീസ്, കോട്ടയം- **0481-2562276**
2. റെയിഞ്ച് ഫോറസ്റ്റ് ഓഫീസ്, എരുമേലി - **04828-212230, 8547601211**
3. റെയിഞ്ച് ഫോറസ്റ്റ് ഓഫീസ്, കുമളി - **04869-222056, 8547601146**
4. റെയിഞ്ച് ഫോറസ്റ്റ് ഓഫീസ്, അയ്യപ്പൻകോവിൽ - **04868-259210, 8547601115**
5. റെയിഞ്ച് ഫോറസ്റ്റ് ഓഫീസ്, നഗരംപാറ - **04862-232274, 8547601238**

എൻ.രാജേഷ് ഐ.എഫ്.എസ്
ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ,
കോട്ടയം.
(കേരള ഗവർണർക്കുവേണ്ടി)